# ഒരു ജാതിക്കല്യാണം

കീക്കോത്ത്മീത്തലെ കല്യാണവീട്ടിൽ കല്യാണപ്രായമായിട്ടും കല്യാണം കഴിക്കാതെത്തിയ വിനീതയെ തിരിഞ്ഞോടാൻ പ്രേരിപ്പിക്കുന്ന ചോദ്യങ്ങൾ മുടി നരച്ചതും മുടി നരക്കാത്തതുമായ തലകൾക്കുള്ളിൽ തയ്യാറായിരുന്നു.

എന്തെല്ലാമുണ്ട് ചോദിച്ച് ഷഹർബാൻ വിനീതയുടെ കൈ തൊട്ടു. പതിനേഴുവർഷത്തിനിപ്പുറം വിനീതയുടെ കൈകൾ പരുക്കനായിരുന്നെങ്കിലും ഷഹർബാന്റെ കൈകൾ പഴയതുപോലെ പഞ്ഞിക്കെട്ട്..! അവളുടെ പരുപരുത്ത കൈവെള്ളയും നഖം ചീന്തിയ വിരലുകളും പെട്ടെന്ന് ബാനുവിന്റെ കൈ വിടുവിച്ച് പിൻവലിഞ്ഞു.

'അല്ല മോളെ അനക്ക് കല്യാണൊന്നും കയ്ക്കണ്ടേ..' അർജ്ജുൻ വാട്ട്സ്ആപ്പിൽ ചോദിക്കുന്ന അതേ ചോദ്യം നേരിട്ട് ചോദിച്ച് പരിചയം പുതുക്കി.

മിക്കവാറും കല്യാണവീട് സന്ദർശനങ്ങൾ അവൾ ഒഴിവാക്കിയത് 'ആയില്ലേ കല്യാണമായില്ലേ.. ഇനിയെപ്പളാ' എന്നുള്ള സൂയിപ്പ് ചോദ്യങ്ങൾ കേൾക്കാനുള്ള പകുതി സാധ്യത കുറച്ചു. എങ്കിലും അഹങ്കാരിപ്പെണ്ണ് എവിടെയും പോവില്ലെന്നും കണ്ടാൽ മുഖത്ത് നോക്കില്ലെന്നും പറച്ചിലുണ്ടെന്ന് അമ്മ പറഞ്ഞറിഞ്ഞു.

നിതിന്റെ റിസപ്ഷന് പോകാൻ വിനീത തയ്യാറായത് നിതിൻ നേരിട്ട് കല്യാണം വിളിച്ചതുകൊണ്ടോ അവന്റെ കൂടെ പന്ത്രണ്ടാം ക്ലാസ് വരെ പഠിച്ചതുകൊണ്ടോ അല്ല 'നമ്മളൊന്ന് - 10A, 2006-07 SSLC ബാച്ച്' വാട്ട്സാപ് ഗ്രൂപ്പിൽ ഷഹർബാൻ കല്യാണത്തിനു വരുമെന്ന മെസേജ് കണ്ടതുകൊണ്ടാണ്.

കോട്ടിട്ട നിതിൻ എല്ലാവരെയും വിളിച്ച് ഫോട്ടോയെടുക്കാൻ ചേർത്തുകൂട്ടി. വീട്ടുകാർ കണ്ടെത്തിനൽകിയ പെൺകുട്ടി അവനോട് ചേർന്നുനിന്നു.

സുന്ദരി, അവൾ സന്തോഷത്തിലാണ്.

നാലിൽ പഠിക്കുമ്പോൾ നിതിന്റെ ഭാര്യയായി നാടകത്തിൽ അഭിനയിക്കേണ്ടിവന്നശേഷം സ്കൂളിൽനിന്ന് ഇറങ്ങുന്നതുവരെ അവനോട് മുഖത്തുനോക്കി സംസാരിക്കാന് വിനീതയ്ക്ക് മടിയായിരുന്നു. അങ്ങനെ നാണിച്ചതെന്തെന്ന് അവൾ തന്റെ ഇരുപത്തിയഞ്ചാം വയസിൽ സ്വയം ചോദിക്കുകയും, അക്കാലത്തെയോർത്ത് ലജ്ജിക്കുകയും ചെയ്തു.

നീണ്ടകാലം മകനൊപ്പം പഠിച്ചതുകൊണ്ട് നിതിന്റെ അമ്മയ്ക്കും വിനീതയെ അറിയാം. വിനീത അവർക്കൊരു ചിരിനൽകി, ചോദ്യം ചോദിക്കാൻ അവരെ ക്ഷണിച്ച് ഉള്ളുലയ്ക്കുന്ന ഹോട്ട് സീറ്റിൽ കയറിയിരുന്നു.

'വിനീതേ...!'

വിനീത ചിരിച്ചു.

'അല്ല ഞാവ്വിചാരിച്ച് ഏതോ ചെക്കനാന്ന് ! ന്റെ വിനീതേ... ഇപ്പ എനക്ക് വിനീത് ന്ന് പേരിടാ.. അല്ല കുട്ട്യോ ങ്ങനെ നടന്നാമത്യോ.. എനക്കൊരു ചെക്കനെ നോക്കണ്ടേ..'

ഒരു ചിരി കൊടുത്തൊരു ചിരിവാങ്ങുക എന്നതിന്നപ്പുറം ഒരു വാക്കുപോലും അവൾ അവരുടെ ഭാഗത്തുനിന്നും ആഗ്രഹിച്ചില്ലായിരുന്നു. വിനീത മറുപടി പറയാതെ ചിരിച്ചു.

'ഒരു തിയ്യൻ അന്നെ കാണാൻ വന്നാൽ ഇക്കോലത്തില്ള്ള അന്നെ ഓന് പോതിക്കോ..?'

'ഏ...!'

'ചെക്കന് പോതിക്ക്ന്ന കോലത്തിൽ നടക്കണം മോളേ... ബാലനോട് ഞാമ്പറയാ..'

'ഹാ'

'മോക്ക് ഞാമ്പർഞ്ഞത് ഇഷ്ടാവായ ഇല്ലല്ലോ..?'

അച്ഛൻ തിയ്യനായതു കൊണ്ട് അവളൊരു തിയ്യത്തിയായി. അമ്മ  ഏതായിരുന്ന ജാതി...? അമ്മയും തിയ്യത്തി തന്നെ. അതല്ലാത്തൊരാളെ അച്ഛന് വേണ്ടായിരുന്നല്ലോ.. മകൾക്ക് തിയ്യനായ ഒരു അച്ഛന്റെ തിയ്യനായ മകനെയല്ല വേണ്ടതെന്ന് പക്ഷേ അവർക്കറിയില്ല.

'എത്തറ വൈസായി ഇപ്പോ.. നിതിക്കുട്ടന്റെ തൊണക്കാരോക്കെ കല്യാണം കയ്ച്ച് .. ഞി യി മാത്രേള്ളൂ.. തൊണ വേണ്ടേ.. ?'

'നോക്ക..'

'എപ്പം?'

ക്ലിപ്പിട്ട് താഴ്ത്തിക്കൊണ്ടിരിക്കുന്ന പല്ലുകളിൽ നാവോടിച്ചുകൊണ്ട്, അവർ തുടങ്ങിവെച്ച ചോദ്യോത്തര പരിപാടി ആറുസെന്റിമീറ്റർ നീളമുള്ള മുടി ചെവിക്കുള്ളിലേക്ക് തിരുകി അവളൊരു ചിരിയിലവസാനിപ്പിച്ചു.

എന്നുമുതലായിരിക്കും ചില പെൺകുട്ടികൾ നീണ്ട മറുപടികൾ കൈയിലുണ്ടായിട്ടും പറഞ്ഞിട്ട് കാര്യമില്ലെന്നു മനസ്സിലാക്കി കാര്യങ്ങൾ ചിരിയിലവസാനിപ്പിക്കാൻ പഠിച്ചിട്ടുണ്ടാവുക, വാക്കുകൊണ്ടുള്ള യുദ്ധംചെയ്യൽ അവസാനിപ്പിച്ചിട്ടുണ്ടാവുക, ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞാൽ തന്റെ മനസ്സമാധാനം പോകുമെന്ന് തിരിച്ചറിഞ്ഞിട്ടുണ്ടാവുക, പറച്ചിലിലും നല്ലത് മൗനമാണെന്ന് പഠിച്ചിട്ടുണ്ടാവുക.

'യെന്താ മാലേം കാതിലും ഒന്നും ഇടാത്തേ..?' ഷഹർബാൻ വീണ്ടും അവളുടെ കൈയിൽ പിടിച്ചു. അടുത്തിരുന്ന രണ്ടുപേർക്ക് കാലങ്ങൾക്ക് ശേഷം കാണുമ്പോൾ എന്തുതരം വർത്തമാനങ്ങളാണ് പറയാനുണ്ടാവുക..? ഒരുപക്ഷേ മാറ്റങ്ങളുടെ കഥകളായിരിക്കും.

'ജോലിയൊന്നും നോക്കീല്ലേ'

'ചെയ്യുന്നി'

'ഓ, ഏടേനി'

'ഒരു സ്കൂളില് '

'ഓ, പിന്നെന്തേടീ'

'ഒന്നല്ല, നിർത്തി.'

'എന്തേയ് നിർത്തി'

'ഒന്നല്ല, പറ്റാത്തോണ്ട്.'

'ശമ്പളല്ലേനോ'

'കുഴപ്പല്ല, ണ്ടെനി.'

'പിന്നെന്തേ'

'ഒന്നല്ല, പറ്റാത്തോണ്ട്.

'ആന്തെ ? '

'ഒന്നല്ലാടി....'

'ന്നിട്ട് വെറുതെകുത്തിർക്കാണോ. കല്യാണം നോക്ക്.. വയസായാ ഒറ്റക്കായ്പ്പോവും'

'ഹും'

'ആന്തേ?'

'അതൊന്നല്ല. നീ ഒന്നിനും പോണില്ലെ..?'

' അതൊന്നും നടക്കുല.'

'മ്'

'അവ്ടത്തെ പണി കയ്ഞ്ഞിട്ട് പിന്നെ വേറെ പണീം പഠിപ്പും നടക്കുല.'

'യെവെടാ കുട്ന്നേ..?'

'ന്റെ പുയ്യാപ്ലേന്റാടെ '

കല്യാണംകഴിഞ്ഞ പെണ്ണുങ്ങൾക്ക് രണ്ട് വിലാസമുണ്ടാകും. തന്റേതാണെന്ന് തോന്നാത്ത വീട്ടിൽ, വിലാസത്തിൽ ലോകത്ത് എത്ര പെണ്ണുങ്ങൾ പാർക്കുന്നു.!

'ബാക്കി കഥ തിന്നിട്ട് പറയാ' - നിതിൻ തന്റെ കൂട്ടുകാരെ ഭക്ഷണപന്തലിലേക്ക് പറഞ്ഞയച്ചു.

പ്ളേറ്റും പിടിച്ച് വിനീത നിന്നു.

'ഇങ്ങള് എപ്പം വന്നു ?'

വെള്ള തൊപ്പിയിട്ട് കാറ്ററിംഗ് ബോയ്, വിനീതയുടെ അയൽവാസി ചോദ്യമെറിഞ്ഞു.

'ലേശം നേരായ്..!'

'ഇനി ങ്ങളത് എപ്പളാ, ങ്ങളെ കല്യാണത്തിന് വെളമ്പാൻ ഞങ്ങളെ ഏൽപ്പിക്കുലേ..!?'

ചോദ്യം പാതി വിശപ്പകറ്റി.

പ്ലസ് ടു പരീക്ഷയ്ക്ക് എക്കണോമിക്സിൽ മുഴുവൻ മാർക്ക് കിട്ടാൻ പഠിച്ച പഠിപ്പ് നെയ്ച്ചോറ് തിന്നുകൊണ്ട് ഷഹർബാൻ ഓർമിച്ചെടുത്തു. ബി.എ എക്കണോമിക്സ് ഒന്നാം കൊല്ലം തന്നെ വീട്ടുകാർ ഷഹർബാനെ കല്യാണത്തിലേക്ക് തള്ളിവിട്ടു. മറ്റു പല പെണ്ണുങ്ങളുടെയും കഥകളിലെന്നപോലെ അവളുടെ പഠിപ്പ് രണ്ടാംസെമസ്റ്ററോടെ തീർപ്പായി.

'പിന്നെല്ലേ.. പെങ്ങളെ കല്യാണണ്ട്.' - പെങ്ങളുടെ കല്യാണക്കാര്യം പറയുമ്പോൾ അർജ്ജുന്റെ മുഖത്ത് അത്ര സന്തോഷമൊന്നും വിനീത കണ്ടില്ല.

'ലൗ മാരേജാണോ..' വിനീത അവന്റെ മുഖത്തെ ഇഷ്ടക്കേടിന്റെ കാരണം ചോദിച്ചു.

'ഹും.. ഓൾക്ക് ഇതെന്നെ മതിയോലെ. പിന്നെ ഞങ്ങള് ന്ത് പറയാനാ.. ' അർജുൻ പറഞ്ഞു.

'അയ്നെന്താ ഓൾക്ക് ഇഷ്ടള്ള ആളല്ലേ.. '

'ജാതി വേറാണോ..?' അർജുന്റെ മുഖത്തെ ഇഷ്ടക്കേടിന്റെ കാരണം ഷഹർബാന്റെ ചോദ്യത്തിലുണ്ടായിരുന്നു.

'ഓരു ആശാരിമാരാ.. വീട്ടിൽ ആർക്കും ഇഷ്ടല്ല.. ലവ്വും കഴിഞ്ഞ് മേരേജ് ഒക്കെ ഞാനും കഴിച്ചതാ.. പക്ഷേ ജാതി സെയിമായിനി. ഇതിപ്പോ ആർക്കും വല്യ ഇഷ്ടല്ല... ഞങ്ങളെ കൂട്ടത്തില് ചെക്കന്മാരെ കിട്ടാത്തപോലാണ് ഓള് ഓരോന്ന് ചെയ്തത്..!' അർജുൻ നിരാശപ്പെട്ടു.

'എനക്ക് ആരേ സാമൂഹ്യനീതി വകുപ്പില് ജോലി തന്നേ?'

വിനീതയ്ക്ക് മിണ്ടാതിരിക്കാനായില്ല.

'പിയെസി.. പഠിച്ച് വാങ്ങി! '

അവന്റെ പ്രേമത്തിന് എന്നുമുതലായിരിക്കും ജാതിയുണ്ടായത്.? ജാതി നോക്കാതെ പ്രേമിച്ച്, ജാതി നോക്കി കല്യാണം കഴിച്ച അർജുനെ നോക്കാതെ വിനീത നെയ്ച്ചോറിലേക്ക് കുറച്ചുകൂടെ തൈര് ഒഴിച്ചു. ജീവിതത്തെ വളരെ പ്രാക്ടിക്കലായി സമീപിച്ച വ്യക്തിയായി അവൻ എന്നും വാഴ്ത്തപ്പെട്ടു.

'മുപ്പത്തിമൂന്നാവാനായി. ഇനി ഇയ്യ് മാത്രാണ് ബാക്കി. വിനീതേ, അന്റെ പേരുപോലും പഴഞ്ചനായീണ്ട്. ഒറ്റക്കായിപ്പോവുംട്ടോ. പിന്നെ ഇനി മ്മള് വിചാരിച്ച പോലെത്തെ ചെക്കന്മാരെ കിട്ടൂല.. അതൊറപ്പാ..' ഷഹർബാൻ തുടർന്നു.

'പറയാൻ പറ്റൂല ഷഹർബാനേ ഓൾ ആരേം കണ്ടെച്ചിണ്ടാവും.. ഏതേം മാപ്പളയാണേൽ കല്യാണത്തിന് ന്നെ വിളിക്കണ്ട. ഞാവ്വരൂല.. ഫാറൂക്കോളേജിൽ പഠിക്കാൻ പോയപ്പളേ തോന്നീനി എനക്ക് ആട്ന്ന് ഏതേം മാപ്പളേനെ കിട്ടീണ്ടാവുംന്ന്. ' അർജുൻ പറഞ്ഞത് കേട്ട് അവളുടെ നെഞ്ചൊന്ന് ആളി. അതുകേട്ട് ഷഹർബാനും നെഞ്ചിടിച്ചു.!

'ഇങ്ങനൊക്കെ പറയാൻ എങ്ങനാണ് തോന്ന്ന്നത്..!'

ഒന്നും മിണ്ടാതെ വിനീത ഷഹർബാന്റെ മുഖത്തേക്ക് ഒന്ന് നോക്കുക മാത്രം ചെയ്തു.

'അങ്ങനെന്തേം ണ്ടായിര്ന്നേൽ അയ്ന്റെ ഹാങ്ങോവറിൽ നടക്കാതെ മാട്രിമോണിയൽ രെജിസ്റ്റർ ചെയ്യി.. ഇപ്പൊ കൊറേ കമ്മ്യൂണിറ്റി മാട്രിമോണിയൊക്കെ ല്ലേ.. എത്ര ദൂരത്തുന്നുള്ള പ്രൊപ്പോസല് ആണേലും സ്വന്തം ജാതീന്ന ആവ്ന്നതാ ശെരി..' ഞാനൊക്കെ കുറെ ജീവിതം കണ്ടതാണെന്ന ഭാവത്തിൽ അർജുന്റെ ഉപദേശം.

നെഞ്ചിടിപ്പ് മാറിയ ഷഹർബാൻ അതിനോട് യോജിച്ച് അതേ അതേ എന്ന് തലയാട്ടിയ നിമിഷം കളിച്ചുകൊണ്ടിരിക്കുന്ന മകൾ പത്തുവയസുകാരി കരയുന്നെന്ന് പറഞ്ഞ് വീട്ടിൽ നിന്ന് നീ എവിടെ നീ എവിടെ എന്നും ചോദിച്ച് തുടരെ വിളി വന്നു.

ഷഹർബാൻ പോകാൻ തിരക്കുകൂട്ടി.

മുലകുടി മാറാത്ത കുഞ്ഞല്ല, സ്കൂളിൽ പോകുന്ന കുട്ടിയാണ്, എപ്പോഴും ഉമ്മ കൂട്ടുവേണ്ടാത്ത കുട്ടിയാണ് . പക്ഷേ ഉമ്മ കല്യാണത്തിന് പോയപ്പോൾ പെട്ടെന്ന് തിരിച്ചു വരാൻ കുട്ടി കരയുന്നു എന്നും പറഞ്ഞ് വീട്ടുകാർ വിളി തുടങ്ങി. കല്യാണവീട്ടിൽ നിന്ന് ഇറങ്ങുമ്പോഴും ഷഹർബാൻ അവളുടെ കയ്യിൽ പിടിച്ചു.

സിപ്പപ്പും വാങ്ങി വായിലിട്ട് ആടിയാടി സ്കൂൾ യൂണിഫോമിട്ട ഓർമപ്പെടുത്തലുകൾ അവരെ നോക്കി നടന്ന് പോയത് കണ്ടിട്ടും, 'സ്കൂളില് മക്കള്ക്കിപ്പോ പരീക്ഷ്യാവാനായെന്ന് തോന്ന്ന്... ഈവനിങ് ക്ലാസൊക്കെ തുടങ്ങിണ്ടാകും.. മ്മളും പണ്ട്..' എന്നും പറഞ്ഞ് ആരും ആരെയും ഒന്നും ഓർമിപ്പിക്കാൻ നിന്നില്ല. കൂടി ചേരുതായിരുന്നവർ വീണ്ടും കൂടി ചേർന്നു അവർ ഒത്തുപോകാൻ പറ്റാത്ത വരാണ് നമ്മളെന്ന തിരിച്ചറിവ് നൽകി അവർ പരസ്പരം കൈകൊടുത്ത് പിരിയാനൊരുങ്ങി.

'ഇനിയെന്നാ കാണാ..' അവൾക്ക് കുറച്ചുനേരം കൂടി ഒപ്പം നിൽക്കണം എന്നുണ്ടായിരുന്നു.

'എപ്പളേലും കാണാ.. '

'മാസത്തിൽ മൂന്നീസം വീട്ടിൽ നിക്കാനേ പെർമിഷന്ള്ളൂ.. ഇക്കാക്കയ്ക്ക് ഞാനും മക്കളും എപ്പളും ഒപ്പരവ്വേണം'

ഒരു ജീവിതസത്യം വെളിപ്പെടുത്തിയശേഷം മടക്കഓട്ടോയിൽ കയറി ഷഹർബാൻ പോയി.

'വയലിലെ ഫൂട്പാത്ത്മ്മലൂടെ നടന്ന് പോകാ..? യ്യ് വരുന്നോ?'

'ഇല്ല മോളെ.. അനക്ക് പോരേൽ എണ്ണും ഒന്നൂല്ലേ. നേരത്തിന് വീട്ടിലെത്തണം. വേറെ പണിണ്ട്. ഞാൻ ഡ്രോപ്പ് ചെയ്യാ. വേം വീട്ടിപൊയ്ക്കോ..'

'ഞാൻ നടക്കാ.. കൊറേ ആയി ഈ വഴി നടന്നിട്ട്.. യ് പൊയ്ക്കോ.. ഞാൻ മെല്ലെ നടക്കട്ടെ..'

അർജ്ജുൻ ഓക്കേ പറഞ്ഞു കൈവീശി. എല്ലാംകൊണ്ടും വിനീത ഒറ്റയ്ക്കൊരുവഴിയ്ക്കായി.

സ്കൂള് വിട്ട് ട്യൂഷൻ ക്ലാസിലെ സ്പെഷ്യൽ ക്ലാസും കഴിഞ്ഞിട്ട് വാസ്വേട്ടന്റെ പീട്യയിൽ നിന്ന് പൈസ ഏറ്റവും കുറവുള്ള മുന്തിരി സിപ്പപ്പും തിന്ന് ഇത്രേം ദൂരം നടക്കുന്നത് ഓർമയുണ്ടോന്ന് അവരോട് ചോദിക്കാൻ മറന്ന് വിനീത തിരക്കിട്ട് നടന്നു.

ഓഞ്ഞ ഒരു നൊസ്റ്റാൾജിയ.

എത്ര മിണ്ടിയിട്ടും പരസ്പരം അറിയാത്തവരായി അതിലധികം പരസ്പരം ചേരാത്തവരായി വളർന്നുപോയിരുന്നു. കാലം മൂവരെ ഇനിയും ചേർന്നു നിൽക്കാൻ പറ്റാത്ത പാകത്തിലേക്ക് മാറ്റിയെടുക്കുന്നു.

എന്തിനാണ് താൻ നടന്നു പോകാമെന്നവനോട് പറഞ്ഞത്.. ചുവന്ന ആകാശവും, മഞ്ഞിച്ച വയലും അടുത്ത് കാണാനോ, അതോ പ്രിയപ്പെട്ടവരായിരുന്ന അവർക്കൊപ്പം ഒട്ടുനേരം ഇനി നിൽക്കാൻ കഴിയില്ലെന്ന് തോന്നിയിട്ടോ..? എന്തായാലും വയലിലെ മഞ്ഞപ്പൂക്കൾ നോക്കാനും നുള്ളാനുമൊന്നും തോന്നിയില്ല.

എന്താ ഒറ്റയ്ക്ക് വർത്തമാനം പറഞ്ഞു നടക്കുകയാണോ എന്ന് ചോദിച്ചുകൊണ്ട് ഓടിയും നടന്നും വരുന്ന ശ്രീമതിയേടത്തിയോട് ഒന്നുമില്ലെന്ന് അവള് തോളിളക്കി. ഫാൻസി കടയിൽ മുട്ടുംവേദനിച്ച് വൈകുന്നേരം വരെ നിന്നതുപോരാഞ്ഞിട്ട് തിരക്കിട്ട് നടന്ന് വീട്ടിലെ പണിയെടുക്കാനോടുന്ന അവരോട് എനിക്ക് സങ്കടമാകുന്നു എന്ന് പറയാനവൾക്ക് തോന്നിയില്ല. തിരക്കില്ലെങ്കിലും അവള് തിരക്കിട്ട് നടന്നു. ഫുട്പാത്തിനപ്പുറം അവരൊന്നിച്ചിരുന്ന് പഠിച്ച സ്കൂളിന്റെ മതിൽ തെളിഞ്ഞപ്പോൾ മുറിഞ്ഞില്ലെങ്കിലും നെഞ്ചിൽ മുറിഞ്ഞത് പോലൊരു വേദനവന്ന് അവളെ പറ്റിപ്പിടിച്ചുനിന്നു.

******************